യോട് പറയാനുള്ളത് ഒരു ദിവസം ഷൊർണൂരിൽനിന്നും നിലമ്പൂരിലേക്കു പോകുന്ന വണ്ടിയിൽ കയറി അങ്ങ് ഒന്ന് നോക്കണമെന്നാണ്. ഇത്രയും വൃത്തികെട്ടതും ഉപയോഗശൂന്യമായതുമായ വണ്ടി ഇൻഡ്യാ രാജ്യത്തുണ്ടാകുകയില്ല. രണ്ടാമത് നിലമ്പൂർ മുതൽ മേലാറ്റൂർവരെ ട്രാക്ക് നന്നാക്കുന്നതുകൊണ്ട് സ്പീഡ് വളരെ കുറവാണ്. മുഴുവൻ മണ്ണ് ഇട്ടിരിക്കുകയാണ്. ആ മണ്ണ് ട്രാക്കിൽ കിടക്കുന്നതുകൊണ്ട് ആളുകൾക്ക് ഒട്ടും യാത്ര ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് വണ്ടി വൃത്തിയാക്കണം, നല്ല വണ്ടി ഓടിക്കണം, അതിന്റെ ബോഗികൾ ശരിയാക്കണം, നിലമ്പൂർ - മേലാറ്റൂർവരെയുള്ള ട്രാക്ക് ശരിയാക്കണം. അതേയവസരത്തിൽ മറ്റൊരു കാര്യംകൂടിയുള്ളത് നഞ്ചൻകോട്-നിലമ്പൂർ റെയിൽവേയുടെ കാര്യം കേന്ദ്രഗവൺമെന്റ് എല്ലാ നിലയിലും അവഗണിച്ചിരിക്കുകയാണ്. ഞാൻ ആ കാര്യം ഈ സന്ദർഭത്തിൽ പറയുന്നില്ല. നഞ്ചൻകോട്നിന്ന് ഷൊർണ്ണൂരുമായിട്ട് കണക്ട് ചെയ്താൽ 100 കിലോമീറ്ററോളം ലാഭിക്കാൻ സാധിക്കും. എന്നുമാത്രമല്ല മൈസൂർ, ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ പ്രദേശത്തെ ആളുകൾക്കുകൂടി വരാനും കഴിയും. അതുകൊണ്ട് വയനാട്, മേപ്പാടി, നഞ്ചൻകോട് നിലമ്പൂർവഴി കണക്ട് ചെയ്യാൻ വേണ്ടി കഴിയണം. ആ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഷൊർണ്ണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന തീവണ്ടികളിലെ ബോഗികൾ വൃത്തികെട്ടതാണെന്നുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി 11.1.2000-ന് റെയിൽവേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നഞ്ചൻകോട്-നിലമ്പൂർ ലൈനിന്റെ നിർമ്മാണ പദ്ധതികളൊന്നും നിലവിലില്ലെന്ന് റെയിൽവേ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഷൊർണ്ണൂർ-നിലമ്പൂർ ലൈനിൽ ഓടുന്ന ട്രെയിനിലെ ബോഗികൾ വൃത്തിയായി സൂക്ഷിക്കണമെന്ന് പാലക്കാട് റെയിൽവേ ഡിവിഷൻ മാനേജരോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. കേരളത്തിലെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നഞ്ചൻകോട് - നിലമ്പൂർ ലൈനിന്റെ നിർമ്മാണം റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുന്നതാണ്.

(14) പാറശ്ശാലയിൽ അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പിന്റെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് പാറശ്ശാലയിലെ റീജിയണൽ വർക്ക് ഷാപ്പിന്റെ പണി. അത് അടിയന്തിരമായി ആരംഭിക്കണം. തിരുവനന്തപുരം ജില്ല 1960-ൽ പൂർണ്ണമായി ദേശസാൽക്കരിച്ച ഒരു മേഖലയാണ്. ബസുകൾക്ക് കൃത്യമായി ബോഡി ബിൽഡിംഗ് നടത്താനോ റീകണ്ടീഷനിംഗ് നടത്താനോ യാതൊരു സൗകര്യവുമില്ലാത്തതുകൊണ്ടാണ് ഈ ജില്ലയിൽ എവിടെയെങ്കിലും റീജിയണൽ വർക്ക് ഷോപ്പ് ആരംഭിക്കണമെന്ന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചത്. ഗവൺമെന്റുമായിട്ട് ആലോചിച്ചതിന്റെ ഫലമായി 1985-ൽ പാറശ്ശാലയിൽ 8.80 ഏക്കർ സ്ഥലം പൊന്നുംവിലക്കെടുക്കുകയും പണി ആരംഭിക്കുകയും ചെയ്തു. എന്തെങ്കിലും ചെയ്തത് ഞാൻ മന്ത്രിയായിരുന്നപ്പോഴാണ്. 27,000 പേർക്ക് പെൻഷൻ കൊടുത്തു. വണ്ടികളും ഓടി. അക്കാര്യം എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും, എല്ലാവർക്കുമറിയാം. നമുക്ക് ഈ ബസ്സുകൾക്ക് ബോഡി ബിൽഡിംഗ് നടത്തുന്നതിനും റീകണ്ടീഷ

LIBRARY ARCHIVES Kerala Legislative Assembly

നിംഗ് ചെയ്യുന്നതിനും തിരുവനന്തപുരത്തെ സെൻട്രൽ വർക്ക്ഷോപ്പേയുള്ളൂ. അത് മതിയാകാത്തതുകൊണ്ടാണ് ഈ വർക്ക്ഷോപ്പ് ആരംഭിക്കണമെന്ന് തീരുമാനിച്ചത്. നിർഭാഗ്യവശാൽ 1987-നുശേഷം അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ മന്ത്രിമാരായിരുന്നു. അദ്ദേഹത്തിന് അറിയാവുന്ന സ്ഥലമാണ് പാറ ശ്ശാല അതിനുശേഷം യാതൊരു നടപടിയുമെടുത്തില്ല. കെ.എസ്.ആർ.ടി.സി. തകർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ഞാൻ ഇങ്ങോട്ടുവരുമ്പോൾ 18 ബസ്സുകൾ വഴിയിൽ കിടക്കുകയാണ്. അതുകൊണ്ട് ഈ റീജിയണൽ വർക്ക്ഷോപ്പിന്റെ പണി ആരംഭിക്കണം. ബഹുമാനപ്പെട്ട പി.ആർ.കുറുപ്പ് മന്ത്രിയായിരുന്നപ്പോൾ എനിക്ക് ഉറപ്പ്തരുകയും ചെയ്തിരുന്നു. അതിനുശേഷം ഈ ജില്ലാക്കാരനായ ശ്രീ. നീലലോഹിതദാസൻ നാടാർ ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി എക്സിക്യൂട്ടീവ് ഡയക്ടറും എം. ഡി.യും ഞാനും ബഹുമാനപ്പെട്ട മന്ത്രിയും അന്ന് പങ്കെടുത്തതാണ്. സ്ഥലം നോക്കി ആ സ്ഥലമിന്നു മദ്യരാജാക്കൻമാരുടെ കേളീരംഗമായി മാറിയിരിക്കുകയാണ്. മനുഷ്യന് അതിലെ നടക്കാൻ നിവൃത്തിയില്ല. ആ സ്ഥലം സംരക്ഷിക്കാൻ വേണ്ടി അടിയന്തിരമായി കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുകയും, സെക്യൂരിറ്റി ബ്ലോക്ക് നിർമ്മിക്കുകയും ചെയ്യണമെന്ന് അന്ന് നിർദ്ദേശം കൊടുത്തു. അത് എന്തുകൊണ്ടോ എം.ഡി.യുടെ പോക്കറ്റിലോ മേശയ്ക്കകത്തോ കിടക്കുകയാണ്. ഇതുവരെ ടെണ്ടർ കൊടുത്തിട്ടില്ല. അടിയന്തിരമായി ആ പണി ചെയ്യുകയും കെ.എസ്. ആർ.ടി.സി.ക്കുവേണ്ടി എനിക്കുവേണ്ടി മാത്രമല്ല, ഈ ജില്ലയുടെയും സ്റ്റേറ്റിന്റെയും ബസ്സുകളുടെ പണി കൃത്യമായി തീർക്കാൻവേണ്ടി പാറശ്ശാലയിലെ ആ സ്ഥലം സംരക്ഷിക്കുകയും അതോടൊപ്പം തന്നെ റീജിയണൽ വർക്ക്ഷോപ്പിന്റെ പണി ആരംഭിച്ച് ഈ ഗവൺമെന്റ് പൂർത്തിയാക്കണമെന്നു പറയുന്നു. അതല്ല വീണ്ടും ഈ നയം തുടരുകയാണെങ്കിൽ അങ്ങയുടെ അനുവാദത്തോടുകൂടി ഈ സഭയിൽ ഞാൻ നിരാഹാരം കിടക്കുമെന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷാപ്പ് തുടങ്ങുന്നതിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്ത് നേരത്തെ പണി തുടങ്ങിവച്ചതും പൂർത്തീകരിക്കാത്തതുമായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സെക്യൂരിറ്റി ബ്ലോക്ക്, കോമ്പൗണ്ട് വാൾ എന്നിവയുടെ പണി പൂർത്തിയാക്കാൻ വേണ്ടി നടപടി എടുത്തുകൊണ്ടിരിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ടെണ്ടർ ചെയ്തു കഴിഞ്ഞു. സെക്യൂരിറ്റി ബ്ലോക്കിന്റെയും ചുറ്റുമതിലിന്റെയും എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ ജോലികൾ വേഗം പൂർത്തിയാക്കാൻ വേണ്ടി നടപടി എടുത്തുകൊണ്ടിരിക്കുന്നു. പാറശ്ശാലയിലെ റീജിയണൽ വർക്ക്ഷോപ്പിനുവേണ്ടി 2.20 കോടി രൂപയുടെ പ്രിലിമിനറി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി വർക്ക്ഷോപ്പിന്റെയും മറ്റ് അനുബന്ധ പണികളുടെയും വിപുലമായ പ്രോജക്ട് തയ്യാറാക്കി ആർക്കിടെക്റ്റിനെ ഏൽപ്പിച്ചുകഴിഞ്ഞു. തൃതല പഞ്ചായത്തുകളുടെകൂടി ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ജില്ലാ പഞ്ചായത്ത്, ജില്ലാ പ്ലാനിംഗ് ബോർഡ് എന്നീ ഏജൻസികളെ ഏൽപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly